LIBRARY ARCHIVES Kerala Legislative Assembly

വഴിവാണിഭം സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിന്യായം

6 (T *426) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിവാണിഭം സംബന്ധിച്ച് 1989-ൽ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. സോതൻസിംഗ് അഭി. ന്യൂഡൽഹി മുനിസിപ്പൽ കമ്മിറ്റിയും മറ്റൊരാളും എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വഴിവാണിഭത്തെ സംബന്ധിച്ച് എല്ലാ സംസ്ഥാന സർക്കാരുകളും നിയമനിർമ്മാണം നടത്തണമെന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോടതി വിധിന്യായത്തിലെ പ്രസക്തഭാഗം ഇപ്രകാരമാണ്. "മൗലികാവകാശം എന്ന നിലയിൽ തെരുവുവാണിഭം നടത്താൻ പൗരന്മാർക്ക് അവകാശമുണ്ടെങ്കിലും അത് നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്. നിയന്ത്രണം ഏർപ്പെടുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. പൗരന്മാർക്ക് ഏതെങ്കിലും പ്രത്യേക സ്ഥലം തെരുവുവാണിഭത്തിനായി തെരഞ്ഞെടുക്കാൻ അധികാരമില്ല. തെരുവുവാണിഭം നടത്തുന്നതിനായി തെരുവുകളോ തെരുവുകളിലെ പ്രത്യേക സ്ഥലങ്ങളോ കണ്ടെത്തി നൽകേണ്ടത് സംസ്ഥാന സർക്കാരുകളാണ്. ന്യായമായ ഒരു സമയപരിധിക്കുള്ളിൽ സർക്കാർ ഇത് ചെയ്യാത്തപക്ഷം പൊതുതാൽപ്പര്യാർത്ഥം കോടതിക്ക് ഇടപെടേണ്ടിവരും."

(ബി) വഴിയോര കച്ചവടക്കാരെ സംബന്ധിച്ച് ഭാരത സർക്കാർ സ്വീകരിച്ച ദേശീയ നയത്തിനനുസൃതമായി അതാത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വഴിയോര കച്ചവടക്കാർക്കുവേണ്ടി നിയമനിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നടപ്പിലാക്കുന്നതിനുമായി നഗരകാര്യ ഡയറക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും വഴിയോര കച്ചവടക്കാർക്കുവേണ്ടി സംസ്ഥാനത്ത് ഒരു കരട് നയം തയ്യാറാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു കരട് ബിൽ തയ്യാറാക്കുകയും ആയതുപ്രകാരം നിയമനിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവെ കേന്ദ്ര സർക്കാർ The Street Vendors (Protection of Livelihood and Regulation of Street Vending) Act, 2014 എന്ന പേരിൽ ഒരു നിയമം പാസ്സാക്കി മാർച്ച് 2014-ൽ പ്രസിദ്ധപ്പെടുത്തി. 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായ സാഹചര്യത്തിൽ കേരളത്തിന് മാത്രമായി ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചാൽ മതിയാകുമെന്നതിനാൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതോടൊപ്പം തന്നെ എല്ലാ നഗരസഭകളിലും Street Vending Committee-കൾക്ക് രൂപം നൽകുകയും തെരുവ് വാണിഭത്തിനായി സ്ഥലം കണ്ടെത്തി നീക്കിവയ്ക്കുന്നതിനുള്ള ജോലികൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

7 (*427) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യം പൂർത്തീകരിക്കാൻ ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഗ്രാമസഭകളുടെ പ്രവർത്തനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിലാണോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം പോരായ്മകളാണ് ദൃശ്യമായിട്ടുള്ളതെന്നറിയിക്കാമോ ;

(ഡി) പോരായ്മകൾ തിരുത്തി ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly